പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നംപർ. 1730 | 14.12.2012- ൽ മറുപടിയ്ക്ക്

**കോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതി**

ചോദ്യം | ഉത്തരം

ശ്രീ. ബാബു എം. പാലിശ്ശേരി

ഡോ. എം.കെ. മുനീർ
( പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | ജന്മനാ ബധിരരും, മൂകരുമായ കുട്ടികളെ കോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ; | (എ) | മാനദണ്ഡങ്ങൾ ചുവടെ പറയുന്നവയാണ്.<br>(1) 0-5 വയസ്സുവരെ പ്രായമുള്ള കുട്ടികളായിരിക്കണം<br>(2) കുടുംബത്തിന്റെ വാർഷിക വരുമാനം 2 ലക്ഷം രുപ വരെ മാത്രമെ പാടുള്ളൂ.<br>(3) കേരളത്തിലെ കുട്ടികൾ ആയിരിക്കണം<br>(4) ശ്രുതിതരംഗം പദ്ധതിയ്ക്ക് കീഴിലുള്ള സ്ഥാപനങ്ങളിലെ വിദഗ്ദ്ധർ കോക്ലിയാർ ഇംപ്ലാന്റേഷന് ശുപാർശ ചെയ്തവരായിരിക്കണം. കുട്ടിയ്ക്ക് കോക്ലിയാർ ഇംപ്ലാന്റേഷന്റെ വിജയത്തെ ബാധിക്കുന്ന വൈദ്യശാസ്ത്രപരമായ മറ്റ് പോരായ്മകൾ ഉണ്ടാകുവാൻ പാടുള്ളതല്ല.<br>(5) കുട്ടിയുടെ രക്ഷിതാക്കൾ ഓപ്പറേഷന് ശേഷമുള്ള പരിചരണത്തിനും സ്പീച്ച് തെറാപ്പിക്കുമുള്ള പരിശീലന പരിപാടികളിൽ പങ്കെടുക്കാനും രണ്ട് വർഷം നീണ്ടു നിൽക്കുന്ന തുടർ ചികിത്സയായ ആഡിയോ വെർബൽ ഹാഹിലിറ്റേഷൻ നൽകാനും സന്നദ്ധതയുള്ളവരായിരിക്കണം<br>(6) ശ്രുതിതരംഗം പദ്ധതിയെപ്പറ്റി മാർഗ്ഗ നിർദ്ദേശങ്ങൾ സംബന്ധിച്ചുള്ള ഒരു സത്യവാങ്മൂലം 100/- രൂപ മുദ്രപത്രത്തിൽ നൽകണം |
| (ബി) | സംസ്ഥാനത്ത് ഇതുവരെ ഈ പദ്ധതിയുടെ പ്രയോജനം എത്ര കുട്ടികൾക്ക് ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ ? | (ബി) | ഇതുവരെ 80 കുട്ടികൾക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട് |

R. Vijayan

സെക്ഷൻ ഓഫീസർ